# മരിച്ചു കിടക്കുന്നവന്റെ ചോദ്യങ്ങൾ

## സച്ചിദാനന്ദൻ

കഴുതപ്പുറത്ത് ഒരു ചാക്കു നിറയെ
ബുദ്ധമതഗ്രന്ഥങ്ങളുമായി ഹിമാലയൻചുരം കടക്കുമ്പോൾ
ഹ്യുയൻസാങ് ഏതു നാടിന്റെ അതിർത്തിയാണ് പിന്നിട്ടത്?

എവിടെ നിന്ന് വന്നു ദ്രാവിഡഭാഷകളും ആര്യഭാഷകളും
സംസാരിച്ച ജനവംശങ്ങൾ? അവർ വന്നപ്പോൾ
ഇന്ത്യയിൽ ഒരാളുമില്ലായിരുന്നോ?
ഒരാദിവാസി പോലും?

മഹാഭാരതത്തിലെയും മേഘദൂതത്തിലെയും
ഭാരതവർഷം എവിടെ തുടങ്ങി, എവിടെ അവസാനിച്ചു ?
ഭാസനും കപിലരും  ഒരു നാട്ടുകാരായിരുന്നോ?

ഫാഹിയാന്റെയും അൽ-ബിറൂണിയുടെയും ഇന്ത്യയുടെ
അതിരുകൾ എവിടെയായിരുന്നു?
എവിടെയായിരുന്നു തക്ഷശില?
അലക്സാണ്ടർ കീഴടക്കാനെത്തിയ ഇന്ത്യ ഏതായിരുന്നു?
ഏതു രാജ്യമാണ് അശോകനും അക്ബറും ഭരിച്ചത്?

ഇന്ത്യയെ നിർമ്മിച്ചത് ഈസ്റ്റ് ഇന്ത്യാ കമ്പനി ആയിരുന്നോ
അതോ മൌണ്ട്ബാറ്റനോ? അല്ല, ഗാന്ധിയോ?
എന്നാണ് 'ഹിന്ദു' ഒരു മതത്തിന്റെ പേരായത്?

പ്രപഞ്ചത്തിന്റെ ചരിത്രത്തിൽ ഭൂമി എന്നുണ്ടായി?
ഭൂമിയുടെ ചരിത്രത്തിൽ ദേശങ്ങൾ എന്നുണ്ടായി?
മനുഷ്യന്റെ ശരീരത്തിൽ എത്ര ദേശങ്ങളുണ്ട്?

ആത്മാവും ഭൂപടങ്ങളും തമ്മിലുള്ള ബന്ധമെന്താണ്?
ബോധിസത്വന്റെ എല്ലാ ജന്മങ്ങളും
ഇന്ത്യയിൽ തന്നെയായിരുന്നോ?

ഭാഷയിൽഎത്ര സമുദ്രങ്ങളുണ്ട്? കാറ്റുകളിൽ എത്ര
ആകാശങ്ങൾ? പ്രണയത്തിന് എത്ര ഋതുക്കൾ?

ഇന്നലെ വരെ ഞാൻ അതിർത്തി കാക്കുകയായിരുന്നു
ജീവിതം മുഴുവൻ ഞാൻ അതിർത്തികളെച്ചൊല്ലി തർക്കിച്ചു
അവയുടെ കമ്പിവേലികളിൽ കുരുങ്ങി ജീവനുള്ള
എന്റെ മാംസം ചോരയൊലിപ്പിച്ചു കൊണ്ടിരുന്നു,
അവയുടെ പേരിൽ ഞാൻ കോടതി കയറി,
പല കുറി കൊന്നു, പല കുറി മരിച്ചു
അവർ പറഞ്ഞു അങ്ങിനെ മരിച്ചാൽ ഞാൻ
രക്തസാക്ഷിയാകുമെന്ന്, എനിക്ക് സ്വർഗ്ഗം ഉറപ്പാണെന്ന്.
ഇന്നിതാ ഞാൻ എല്ലാ അതിർത്തികളും ലംഘിച്ച്
ഭൂമിയുടെ മുഴുവൻ ഭാഗമാകാൻ പോകുന്നു
എന്നെ കൊടികളൊന്നും പുതപ്പിക്കരുതേ.

ഇന്നെനിക്കറിയാം, നാം കേവലം യാദൃച്ഛികതകളുടെ
സൃഷ്ടിയാണ്, ശരീരം പോലെ, സൌരയൂഥം പോലെ,
നമുക്ക്ഗർവ്വിന് ഒരു പഴുതുമില്ല, യുദ്ധത്തിന്
അത്ര പോലുമില്ല. പാട്ടോ പതാകയോ ഇല്ലാതെ
എന്നെ താഴ്ത്തി കുഴിച്ചിടുക.

മരിച്ചതു കൊണ്ടു മാത്രം ആരും
ചോദ്യങ്ങൾ ചോദിക്കാതിരിക്കുന്നില്ല.